എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ നടപടി

49 [2266] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(സി) എങ്കിൽ പ്രൊബേഷൻ ഡിക്ലറേഷനു വേണ്ട സർവ്വീസ് ദൈർഘ്യം എത്രയാണെന്നും അതേ കാലയളവുതന്നെയാണോ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലറേഷനു വേണ്ടതെന്നും വ്യക്തമാക്കുമോ;

(ഡി) തൃശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിലെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പ്രൊബേഷൻ ഒരു കൊല്ലത്തെ സേവനത്തിനു ശേഷവും ഡിക്ലയർ ചെയ്യാത്തതു സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നും പ്രസ്തുത അദ്ധ്യാപകർ ഏതെല്ലാം സ്കൂളുകളിലാണുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ടി എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് ഉദ്യാഗസ്ഥർക്കെതിരെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് തുടർച്ചയായി മൂന്ന്വർഷ സർവ്വീസിനിടയിൽ രണ്ട് വർഷക്കാലമാണ് പ്രൊബേഷൻ കാലാവധി. ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിക്കുന്നവർക്ക് തുടർച്ചയായി രണ്ടു വർഷ സർവ്വീസിനിടയിൽ ഒരു വർഷക്കാലാവധിയായിരുന്നു പ്രൊബേഷൻ. എന്നാൽ 4-2-2005-ലെ ജി.ഒ.(പി)36/05/പൊ.വി.വ. പ്രകാരം വരുത്തിയ സബോർഡിനേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് ഭേദഗതി അനുസരിച്ച് ഉദ്യോഗക്കയറ്റംവഴി നിയമനം ലഭിക്കുന്നവർക്കും പ്രൊബേഷൻ രണ്ടു വർഷമാക്കിയിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും ഈ നിയമം തന്നെയാണ് നിലനിൽക്കുന്നത്.

(ഡി) ഈ വർഷം ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എച്ച്. എസ്. എ. (സോഷ്യൽ സ്റ്റഡീസ്)-മാരുടെ നിയമനം ത്വരിതപ്പെടുത്തൽ

50 [2267] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. കെ. ബാവ:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. അബ്ദുറബ്ബ്:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും കൂടി 57 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. വഴി നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുവാൻ നിയമനാധികാരികളായ എല്ലാ ജില്ലയിലേയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടി

51 [2268] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly